കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി14-51/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 10.01.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായ ത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി14-51/19 തീയതി: 10.01.2019

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 6.7.2017മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21/11/2018 മുതൽ<br>01/12/2018വരെ | ശ്രീ. എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. ജി. രാജേഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി. ജാക്വിലിൻ. പി. ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. കെ. ബി. സുനിൽ, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഇന്ദിര തിലകൻ | 01.4.2017 മുതൽ 31.3.18 വരെ. |

2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ-വിദ്യാഭ്യാസം | ശ്രീമതി. കല | 01.4.2017 മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം. | ശ്രീമതി. സിസിലി, (കുഞ്ഞുമോൾ ഷാജി) | 01.4.2017 മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം. | ശ്രീ. ജയമോഹൻ. എ. എസ് | 01.4.2017 മുതൽ 31.3.18വരെ. |
| 4 | ധനകാര്യം. | ശ്രീ. എം. ജി. ലൈജു | 01.4.2017 മുതൽ 31.3.18വരെ. |

3) സെക്രട്ടറി

| | |
|---|---|
| ശ്രീ. വി.വി. ബോബൻ | 01.4.2017മുതൽ 30.6.17വരെ. |
| ശ്രീ. സാബുമോൻ | 01.07.17 മുതൽ 12.07.17വരെ. |
| ശ്രീ. വി.വി.പ്രസാദ്. | 12.07.17 മുതൽ 31.3.18വരെ. |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ജിഷമോൾ എം. | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. രജന. ആർ. | 01.04.2017 മുതൽ 10.07.2017വരെ |
| | ഡോ. ലില്ലിചെറിയാൻ | 11.07.2017 മുതൽ 07.11.2017വരെ |
| | ഡോ. രാകേഷ്.എം.കെ. | 08.11.2017 മുതൽ 21.01.2018വരെ |
| | ഡോ. രജന. ആർ. | 22.01.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. അന്നമ്മ.പി.ഡി | 01.04.2017 മുതൽ 28.02.2018 വരെ |
| | ശ്രീമതി. രേഖ | 01.03.2018 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. അർച്ചന.എൽ.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അമ്പിളി.എം.കെ. | 01.04.2017 മുതൽ 09.12.2017 വരെ |
| | ഡോ.ഗോപകുമാർ | 10.12.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീമതി. സബിത.വി.എച്ച് | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മിസ്ട്രസ്സ്, എസ്സ്.സി.എം.വി.യു.പി.എസ്സ് | ശ്രീമതി. ബീമാബീവി.എം.എ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. കീർത്തി മാധവ് | 01.04.2017 മുതൽ 09.10.2017 വരെ |
| | ശ്രീമതി. മിനി നിസ്സാർ | 10.10.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാട്ടൂർ) | മുത്തുമണി. കെ. ഡി. | 01.04.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വളവനാട് സർക്കിൾ) | അബ്ദുൾ സലാം | 01.04.2017 മുതൽ 18.07.2017വരെ |
| | അനിൽകുമാർ. കെ. എ | 18.07.2017മുതൽ 15.12.2017വരെ |
| | ഹാഷിഫ് | 16.12.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെട്ടികാട് സർക്കിൾ) | രേഖ | 01.04.2017 മുതൽ 14.08.2017വരെ |
| | മുത്തുമണി. കെ. ഡി. (ചാർജ്) | 15.08.2017 മുതൽ 24.10.2017 വരെ |
| | സജിത് രാജ് | 25.10.2017മുതൽ 31.03.2018വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി. സൂര്യ.പി.എസ്സ് | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ. കെ. സാബുമോൻ | 01.04.2017 മുതൽ 15.06.2017 വരെ |
| | ശ്രീമതി. എസ്സ്.സ്മിത. | 16.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി കുടിശിക – ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | 2-2 | സ്വിമ്മിംഗ് പൂളിന്റെ കെട്ടിടനികുതി ഈടാക്കിയില്ല |
| 4 | 2-3 | സ്ഥാപന നികുതി ഈടാക്കിയില്ല |
| 5 | 2-4 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി |
| 6 | 2-5 | ഡി & ഓ അടവാക്കാത്തത് സംബന്ധിച്ച് |
| 7 | 2-6 | വാടക കുടിശ്ശിക ഈടാക്കിയില്ല |
| 8 | 2-7 | ലേലം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. |
| 9 | 2-8 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. |
| 10 | 2-9 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല |
| 11 | 2-10 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു. |
| ഭാഗം – 3 | | |
| 12 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 1.17 കോടി ചെലവഴിച്ചില്ല. |
| 13 | 3-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | 3-3 | ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ 01.07.2017 ന് ശേഷം 5% തുക കുറവ് ചെയ്യാഞ്ഞത് മൂലം കൺവീനർമാർക്ക് അധിക തുക നൽകി. |
| 15 | 3-4 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല |
| 16 | 3-5 | ഐറ്റം നിരക്കിൽ ക്വാട്ട് ചെയ്ത ഇനങ്ങളിന്മേൽ ടെണ്ടർ കിഴിവ് ചെയ്ത് തെറ്റായി മൂല്യനിർണ്ണയം നടത്തി |
| 17 | 3-6 | പ്ലാസ്റ്റിക് സംഭരണം- പദ്ധതി ചെലവ് ഹോണറേറിയം നൽകുന്നതിന് മാത്രമായി ചുരുങ്ങി |
| 18 | 3-7 | പാലിയേറ്റീവ് കെയർ പദ്ധതികൾ - മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല. |
| 19 | 3-8 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള വാറന്റി സ്ഥാപനം ലഭ്യമാക്കിയില്ല. |
| 20 | 3-9 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. |
| 21 | 3-10 | തുല്യതാ വിദ്യാഭ്യാസം |
| 22 | 3-11 | വെള്ളക്കരം - ഭീമമായ കുടിശ്ശിക. പിഴ പലിശ ഇനത്തിൽ മാത്രം തൻവർഷം നൽകേണ്ടത് 24 ലക്ഷത്തിലധികം രൂപ. |
| 23 | 3-12 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം (27/18) - പ്രൊക്യൂർമെന്റ് കമ്മറ്റി നടപടി ക്രമങ്ങൾ പാലിച്ചില്ല. |
| 24 | 3-13 | ബാലകൈരളി |
| 25 | 3-14 | കുട്ടികളുടെ ശാരീരിക മാനസീക ആരോഗ്യ പരിരക്ഷ (മാനസ) |
| 26 | 3-15 | സ്കൂളുകൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്തത് സംബന്ധിച്ച് |
| 27 | 3-16 | അംഗനവാടികൾക്ക് വാട്ടർകണക്ഷൻ- പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 28 | 3-17 | ബി.എസ്.എൻ.എൽ- റെയിൽവേസ്റ്റേഷൻ കോൺക്രീറ്റ് റോഡ് - ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭിച്ചതായി രേഖയില്ല |
| 29 | 3-18 | ഭവനനിർമ്മാണം പദ്ധതി പൂർത്തീകരിച്ചിട്ടില്ല -അനന്തമായി നീളുന്നു. |

| | | |
|---|---|---|
| ഭാഗം – 4 | | |
| 30 | 4-1 മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 31 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 32 | അനുബന്ധം-2 | |
| 32 | അനുബന്ധം-3 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 21.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 417963023 | 416607341 |
| വാർഷിക കണക്ക് പ്രകാരം | 112342578 | 99231626 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(38)/2018/ 19.7.18 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27859450 |
| വരവ് | 112342578 |
| ആകെ | 140202028 |
| ചെലവ് | 99231626 |
| നീക്കിയിരിപ്പ് | 40970402 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം. | മുന്നിരുപ്പ് | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 33924263 | 33924263 | 30340471 | 3583792 |
| എസ്.സി. പി | | 4057520 | 4057520 | 3763313 | 294207 |
| ടി.എസ്.പി | | 455815 | 455815 | 210760 | 245055 |
| സി.എഫ്. സി | | 15542005 | 15542005 | 12740142 | 2801863 |
| കെ. എൽ.ജി. എസ്.ഡി.പി | | 8797974 | 8797974 | 5674568 | 3123406 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 5283718 | 5283718 | 5139836 | 143882 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 7627349 | 7627349 | 6100738 | 1526611 |
| എൻ.ആർ. ഇ. ജി. എസ് | 2158561 | 3096379 | 5254940 | 3337881 | 1917059 |

| | | | | | |
|---|---|---|---|---|---|
| ബി.ഫണ്ട് | -- | 685960 | 685960 | 685960 | -- |
| പെൻഷൻ അക്കൗണ്ട് | 957 | 36 | 993 | 147 | 846 |
| ദുരിതാശ്വാസ ഫണ്ട്. | 568 | 61 | 629 | 0 | 629 |
| എസ്.ബി.റ്റി (പൈക്ക) | 60262 | 2245 | 62507 | 00 | 62507 |
| ട്രഷറി-റ്റിഎസ്ബി ജോയിന്റ് വെൻച്വർ | 704487 | 1084000 | 1788487 | 1888038 | (-)99551 |
| ട്രഷറി-റ്റിഎസ്ബി (ജനറൽ പർപ്പസ്) | 5919960 | 20339873 | 26259833 | 11907802 | 14352031 |
| സാക്ഷരത. | 140557 | 2986 | 143543 | 98000 | 45543 |
| തനത്ഫണ്ട്. | 17859116 | 22687037 | 40546153 | 17024582 | 23521571 |
| ക്യാഷ് (തനത്ഫണ്ട്) | 319388 | 448488 | 767876 | 319388 | 448488 |
| മറ്റിനം. | 27522 | 0 | 27522 | 0 | 27522 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം. | 668072 | 25685 | 693757 | 0 | 693757 |
| ആകെ. | 27859450 | 124061394 | 151920844 | 99231626 | 52689218 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 252 | 119961868 | 83 | 68454400 | 97 | 72 | 32.32 |

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2158561 | 3096379 | 5254940 | 3337881 | 1917059 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 67942000 | 67942000 | 67942000 | 0 |
| ആകെ | 2158561 | 71038379 | 73196940 | 71279881 | 1917059 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 483960 | 819 |
| കർഷകതൊഴിലാളി പെൻഷൻ | 4312300 | 340 |
| വിധവാപെൻഷൻ | 19967100 | 1529 |
| വാർദ്ധക്യകാലപെൻഷൻ | 57403000 | 5095 |
| വികലാംഗപെൻഷൻ | 9839900 | 720 |
| അവിവാഹിതപെൻഷൻ | 3427500 | 248 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 330000 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 21/11/2018 നടത്തുകയുണ്ടായി. പരിശോധനയിൽ 2983/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
6. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
9. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
10. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
11. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/10/2018 | 08/2018, 09/2018 | 11/10/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/06/2013 | 2007-08 മുതൽ 2011-12 വരെ | 08/08/2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുടിശിക - ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

കെ.എസ്.ഡി.പി. യുടെ ഉടമസ്ഥതയിലുള്ള വൈറ്റമിൻ എ പ്ലാന്റും അനുബന്ധകെട്ടിടങ്ങളും ഉൾപ്പെടയുള്ള 27 കെട്ടിടങ്ങളുടെ 2013 മുതൽ 2018 വരെയുള്ള വർഷങ്ങളിലെ വസ്തുനികുതി ഇനത്തിൽ 1573085/- രൂപയും, പിഴപ്പലിശ ഇനത്തിൽ 363139/- ഉൾപ്പെടെ ആകെ 1936224/- രൂപ കുടിശിക ഉണ്ട്. അതോടൊപ്പം ബാലൻസ് ഷീറ്റിൽ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശിക ഇനത്തിൽ ഈ തുക ഉൾപ്പെട്ടിട്ടുമില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/29/11/18) കുടിശ്ശിക തുക ഈടാക്കുവാൻ നിയമപ്രകാരമുള്ള ജപ്തി നടപടികൾ സ്വീകരിച്ചെന്നും ജപ്തി നടപടി പ്രായോഗികമല്ലാത്തതിനാൽ സ്ഥാപനത്തിനെതിരെ പ്രോസീക്യൂഷൻ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്ന അവസരത്തിൽ മാർച്ച് മാസത്തിൽ തന്നെ 100% നികുതിയും പിരിച്ചെടുക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉത്തരവ് നിലവിലുള്ളതിനാൽ നികുതി അടയ്ക്കുന്നതിന് താമസ്സം വരുത്തുന്നത് പഞ്ചായത്തിന്റെ നികുതി പിരിവ് ശതമാനത്തെ ബാധിക്കുന്നതിനാൽ ഡിമാന്റ് സസ്പെൻഡ് നിർത്തുകയും അതിനാലാണ് ബാലൻസ് ഷീറ്റിൽ ഈ തുക ഉൾപ്പെടാഞ്ഞതും എന്ന മറുപടിയാണ് ഹാജരാക്കിയത്. ഭീമമായ കുടിശ്ശിക സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരതയെത്തന്നെ ബാധിക്കുന്നതിനാൽ വസ്തുനികിതി കുടിശ്ശിക തിരികെ ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കേണ്ടതാണ്. തൻമൂലം ടി വ്യത്യാസം അടുത്ത വർഷത്തെ വാർഷിക കണക്കിനെയും ബാധിക്കുന്നതാണ്. 2011 ലെകേരളാപഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 19 പ്രകാരം വസ്തുനികുതി ഒടുക്കാത്തപക്ഷം ആയത് വസൂൽ ചെയ്യുന്നതിന് സെക്രട്ടറി 210-ാം വകുപ്പിലും 1996 ലെ കേരളാപഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്വിമ്മിംഗ് പൂളിന്റെ കെട്ടിടനികുതി ഈടാക്കിയില്ല

2013 ലെ കേരളാപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ഭേദഗതി ചട്ടങ്ങൾ 2.3 ലെ ചട്ടം 3 പ്രകാരം സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. എന്നാൽ സുലേഖ, ഉഷസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് 1/619 A മുതൽ 1/619 G വരെ നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളോട് ചേർന്ന് 70.92 $m^2$ തറവിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂൾ നിർമ്മിച്ചിട്ടുണ്ട്. സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം ഏതെങ്കിലും കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി നിശ്ചയിച്ചിട്ടില്ല, ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും മാറിയാണ് പ്രസ്തുത സ്വിമ്മിംഗ് പൂൾ സ്ഥിതിച്ചെയ്യുന്നതെന്നും അതിനാലാണ് നികുതി ഈടാക്കാത്തത് എന്ന മറുപടിയാണ് ഹാജരാക്കിയത്. മറുപടി അംഗീകരിക്കുന്നില്ല. മേൽ പരാമർശിച്ച ചട്ട പ്രകാരം സ്വിമ്മിംഗ് പൂളിന്റെ തറ വിസ്തീർണ്ണം അതിനോട് അടുത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും കെട്ടിടഭാഗത്തോട് കൂട്ടിച്ചേർത്ത് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന നികുതി ഈടാക്കിയില്ല

രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥപനങ്ങൾ സ്ഥാപന നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശിക കാലയളവ് | അടച്ച തുക | അടയ്ക്കാനുള്ള തുക |
|---|---|---|---|---|
| 1 | കൊശമറ്റം ഫിനാൻസ് | രണ്ടാം അർദ്ധ വർഷം | 1250 | 1250 |
| 2 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, പാതിരാപ്പള്ളി | | 600 | 1900 |
| 3 | എസ്.ബി.റ്റി, പാതിരാപ്പള്ളി | 2017-18 | ഇല്ല | 2500 |
| | | | ആകെ | 5650 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11 ന് നൽകിയ മറുപടിയിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശിത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാനുള്ള 5650/- രൂപ എത്രയും വേഗം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി

കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം28 പ്രകാരം നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ, പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള റോഡുകൾ എന്നിവയും കെട്ടിടവും തമ്മിൽ 3 മീറ്റർ അകലം ഉണ്ടായിരിക്കണം. കൂടാതെ തദ്ദേശഭരണ (സി) വകുപ്പ് നമ്പർ 15018/സി1/97/തസ്വഭവ, തിരുവനന്തപുരം, തീയതി 16.4.1997 പ്രകാരം റോഡതിർത്തിയിൽ നിന്ന് 3 മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിടനിർമ്മാണം കർശനമായി നിരോധിക്കേണ്ടതാണ്.

എന്നാൽ മേൽ നിയമങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും 17-18 വർഷം നമ്പർ നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1. ശശി താമരപ്പള്ളിയിൽ - കെട്ടിട നം. 4/3B , തറവിസ്തീർണ്ണം - 24.79 ച.മി ഉപയോഗക്രമം - കടമുറി
2. രാജേശ്വരി ശരവണഭവനം - കെട്ടിട നം. 9/480A, തറവിസ്തീർണ്ണം - 42 ച.മി ഉപയോഗക്രമം - വാണിജ്യാവശ്യം

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18 /29.11.18 )

ഈ രണ്ട് കെട്ടിടങ്ങളും വാണിജ്യ ആവശ്യത്തിലേക്കുള്ളതാണെന്നും കെ.പി.ബി.ആർ. 2011 പ്രകാരം

റസിഡൻഷ്യൽ പർപ്പസ് ഒഴികെ മറ്റ് ഏതൊരു ആവശ്യത്തിനും UA നമ്പർ അനുവദിക്കുവാൻ അനുമതി ഇല്ലാത്തിനാലാണ് മേൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയെന്നതും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. റോഡ് വികസനം ഉണ്ടാകുകയാണെങ്കിൽ പൊളിച്ചുമാറ്റാം എന്ന സമ്മതപത്രം കെട്ടിടഉടമയിൽ നിന്നും വാങ്ങിയിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നമ്പർ നൽകുന്നത് ചട്ടവിരുദ്ധമാണ്. തുടർന്നും ഇത്തരം ചട്ട ലംഘനങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ ഹാജരാക്കിയ മറുപടി പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനത്തിന് അവരുടെ ആവശ്യപ്രകാരം നിർമ്മാണം നടന്ന് വർഷങ്ങൾക്ക് ശേഷമാണ് നമ്പർ നൽകിയിട്ടുള്ളത്. നികുതി ഒടുക്കേണ്ട മുഴുവൻ കെട്ടിടങ്ങളേയും സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. സ.ഉ (എം.എസ്) നം. 358/15 /തസ്വഭവ, തീയതി : 16-12-15 പ്രകാരം 185 ച.മീറ്ററിൽ (2000 ചതുരശ്രഅടി) അധികരിക്കുന്ന വീടുകൾക്ക് ഏറ്റവും ഒടുവിൽ നികുതി പുനഃനിർണ്ണയിച്ച ശേഷം ഘടനാപരമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെങ്കിൽ നിലവിലുള്ള നികുതിയും 25% അധിക നികുതിയും ഈടാക്കേണ്ടതാണ്, ഗ്രാമപഞ്ചായത്തിലെ നികുതി ദായകരുടെ ഡേറ്റാ എൻട്രി നടത്തിയപ്പോൾ മേൽ ഉത്തരവ് പ്രകാരം 185ച.മീറ്ററിൽ അധി കരിക്കുന്ന വീടുകൾക്ക് സഞ്ചയയിൽ വസ്തുനികുതി പരിഷ്ക്കരിക്കേണ്ടതാണ്. ഇപ്രകാരം ഈ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് മാറ്റം വരുത്തി സഞ്ചയയിൽ അപ്ഡേഷൻ നടത്തേണ്ടതാണ്. ഘടനാപരമായ മാറ്റങ്ങൾ ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കിയും വാണിജ്യവ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമം അനുസരിച്ച് നികുതി പരിഷ്ക്കരിച്ചും സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

(ii) അനധികൃത കെട്ടിടങ്ങളുടെ കെട്ടിടനികുതി

അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ UA രജിസ്റ്റർ പരിശോധിച്ചതിൽ 285 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ നികുതി അസസ്സ്മെന്റ് ഡിമാന്റ്, കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായില്ല. എന്നാൽ ഈ കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. സഞ്ചയയിൽ ഉൾപ്പെടാത്ത അനധികൃത കെട്ടിടങ്ങളെ കണ്ടെത്തി അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഓ അടവാക്കാത്തത് സംബന്ധിച്ച്

ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് അടവാക്കിയിട്ടില്ല.

1. കെ.എസ്.ഡി.പി, കലവൂർ
2. ഡെന്നീസ് കയർ മിൽസ്,
3. ഹോംകോ, പാതിരാപ്പള്ളി
4. ഓർമ്മ മാർബിൾസ്, കലവൂർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 29 ന് നൽകിയ മറുപടിയിൽ, ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസ് അടവാക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിന്മേൽ കേ. പ. രാ. സെ. 232(1) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

## 2-6 വാടക കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള XVII/554 -ാം നമ്പർ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത് ശ്രീ. രജിമോൻ, വെളിയിൽ എന്നയാൾക്കാണ്. പ്രതിമാസ വാടക 632/- രൂപ. ടിയാൾ 2016-17 വർഷം വാടകയിനത്തിൽ 5670/- രൂ. പഞ്ചായത്തിന് നൽകുവാനുള്ളതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ടി തുക കുടിശികയായി നില്ക്കുമ്പോൾ, 2017-18 ലും ശ്രീ. രജിമോന് പ്രസ്തുത തുക ഈടാക്കാതെ തന്നെ മേൽ നമ്പർ കടമുറി പ്രതിമാസം

662/- രൂ. വാടക പ്രകാരം അനുവദിച്ച നൽകിയതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 8 ന് മറുപടി ലഭ്യമാക്കിയില്ല. എത്രയും വേഗം വാടക കുടിശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 2-7 ലേലം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള സർവ്വോദയപുരം സാംസ്കാരിക നിലയത്തിലെ പത്രമാസികകൾ 2017-18 വർഷം ലേലത്തിൽ പിടിച്ചിരിക്കുന്നത് ശ്രീ. അനിൽ, വെളിയിൽ, കാട്ടൂർ എന്നയാളാണ്. കിലോഗ്രാമിന് 8.50 പൈസ നിരക്കിലാണ് ലേലം കൊണ്ടിട്ടുള്ളത്. 2018 മാർച്ച് മാസത്തിൽ ലേലത്തിന്റെ കാലാവധി അവസാനിച്ചു. എന്നാൽ ലേല കാലാവധി അവസാനിച്ച് എട്ട് മാസങ്ങൾ പിന്നിടുമ്പോഴും, പത്രമാസികകൾ എടുക്കുകയോ, ആയതിന്റെ വില പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷം ഈയിനത്തിൽ 5303/- രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്. (7.50/കി.ഗ്രാം) ഈ വിഷയത്തിൽ പഞ്ചായത്ത് കൈക്കൊണ്ടിട്ടുള്ള നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 7 ന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ പുനർലേലം നടത്തുകയോ, പഞ്ചായത്തിന്റെ നേതൃത്വത്തിൽ പത്രമാസികകൾ വിറ്റഴിച്ച് പണം തനത് ഫണ്ടിൽ അടവാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുപോലെ ലേല നടപടികൾ സ്ഥിരപ്പെടുത്തിയ വ്യക്തിയിൽ നിന്നും നിശ്ചിത ശതമാനം തുക മുൻകൂർ ഈടാക്കി കരാർ വ്യവസ്ഥ തയ്യാറാക്കുന്നതിനെക്കുറിച്ചും പഞ്ചായത്തിന് ആലോചിക്കാവുന്നതാണ്.

## 2-8 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ 29 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 52,510/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർത്തിട്ടുള്ളത് കാണുക. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി. മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2010-11 മുതൽ 2017-18 വരെ 1883832/- രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരം സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രിയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ

പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|---|
| 1 | കാട്ടൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 5084 | 629 | ദുരിതാശ്വാസ നിധി. പണമിടപാടുകളില്ല. |
| 2 | എസ്.ബി.ഐ മാരാരിക്കുളം | 67291387509 | 846 | പണമിടപാടുകളില്ല. |
| 3 | എസ്.ബി.ഐ മാരാരിക്കുളം | 57035260988 | 27522 | പാസ്സ് ബുക്ക് പ്രകാരം പണമിടപാടുകളില്ല. |
| 4 | എസ്.ബി.ഐ മാരാരിക്കുളം | 67090332501 | 62507 | പൈക്ക. പണമിടപാടുകളൊന്നുമില്ല. |

ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെക്കാലമായി നടന്നു കാണുന്നില്ല. ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത മറ്റ് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച - 1.17 കോടി ചെലവഴിച്ചില്ല.

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 7.56 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 6.39കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 33% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 1.17കോടിയും നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 33924263 | 3034071 | 3583792 | 89.43 |
| വികസന ഫണ്ട് - SCP | 4057520 | 3763313 | 294207 | 92.75 |
| വികസന ഫണ്ട് - TSP | 455815 | 210760 | 245055 | 46.24 |
| മെയിന്റ്. ഗ്രാന്റ് - റോഡ് | 5283718 | 5139836 | 143882 | 97.27 |

| | | | | |
|---|---|---|---|---|
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 7627349 | 6100738 | 1526611 | 79.98 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15542005 | 12740142 | 2801863 | 81.97 |
| പെർഫൊർമൻസ് ഗ്രാന്റ് | 8797974 | 5674568 | 3123406 | 64.5 |
| ആകെ | 75688644 | 63969828 | 11718816 | 84.52 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | തുക | ബിൽ നം. / തീയതി |
|---|---|---|---|
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ (155/18) | 2763537 | 31/14.2.18 |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (192/18) | 318364 | 24/10.1.18 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്ന തുക യഥാസമയം ലഭ്യമാകാതിരുന്നതിനാൽ ഓഡിറ്റ് വർഷം തുക പൂർണ്ണമായി നൽകുവാൻ സാധിക്കാതിരുന്നതിനാലാണ് കരാർ ചമയ്ക്കാതിരുന്നതെന്നും ശേഷിച്ച തുക നൽകി കരാർ ചമയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ 01.07.2017 ന് ശേഷം 5% തുക കുറവ് ചെയ്യാഞ്ഞത് മൂലം കൺവീനർമാർക്ക് അധിക തുക നൽകി.

സർക്കാർ ഉത്തരവ് നം. 30/2016/ധനം, തീ: 29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിരുന്നു. 01.07.2017 മുതൽ VAT ന്റ പകരം GST നിലവിൽ വന്നതിനാൽ VAT ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത VAT-ന്റെ 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ പ്രസ്തുത 5% കിഴിവ് ബില്ലിൽ വരുത്തിയിട്ടില്ലെന്ന് കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | 5% കിഴിവ് വരുത്തി യതിനു ശേഷമുള്ള പ്രവൃത്തി മൂല്യം | റിക്കവറി കൾ കിഴിച്ച് കൺവീനർക്ക് നൽകിയ തുക, | നൽകേണ്ടി യിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | മാരാരിക്കുളം കേളശ്ശേരി മംഗലം റോഡ് മെയിന്റനൻസ് വാർഡ്-3<br>പ്രോ. നം. 264/17<br>സ്പിൽ ഓവർ നം. 254/18<br>അടങ്കൽ- 2 ലക്ഷം (ലോക ബാങ്ക് )<br>ചെലവ്- 142822/-<br>കൺവീനർ - സന്തോഷ് കുമാർ ഇ.എം<br>കരാർ നം.- 59/B/AE/MGP/16-17/ 29.03.2017<br>പ്രവൃത്തി മൂല്യം-142822/-<br>എം. ബുക്ക് നം. - 448/16-17<br>(പേജ് നം. 13,14)<br>ബിൽ നം./തീ- 70/17-18/16.02.2018- 142822/- | 135681/- | 138538/- | 132967/- | 5571/- |
| 2 | ചെറുകണ്ടത്തിൽ ചക്ക് പറമ്പ് റോഡ് നിർമ്മാണം- വാർഡ് 18<br>പ്രോ. നം. 102/17<br>സ്പിൽ ഓവർ നം. 224/18<br>അടങ്കൽ- 183000(ധനകാര്യ.ഗ്രാന്റ് )<br>ചെലവ്- 92998/-<br>കൺവീനർ - വി.കെ ദാമോദരൻ<br>കരാർ നം.-60/B/AE/MGP/16-17/ 29.03.2017<br>പ്രവൃത്തി മൂല്യം-92998/-<br>എം. ബുക്ക് നം. - 445/16-17<br>(പേജ് നം. 15,16)<br>ബിൽ നം./തീ- 69/17-18/16.02.2018- 142822/- | 88348/- | 90208/- | 86582/- | 3626/- |

| | | | | | |
|---|---|---|---|---|---|
| 3 | ഇലഞ്ഞിക്കൽവെളി അരേശ്ശേരിൽ റോഡ് നിർമ്മാണം വാർഡ്-3<br>പ്രോ നം. 55/17<br>സ്പിൽ ഓവർ നം. 206/18<br>അടങ്കൽ- 4ലക്ഷം (ധന.കമ്മീഷൻഗ്രാന്റ് )<br>ചെലവ്- 385618/-<br>കൺവീനർ - സന്തോഷ് കുമാർ. ഇ.എം<br>കരാർ നം.-55/B/AE/MGP/16-17 / 28.03.2017<br>പ്രവൃത്തി മൂല്യം-385618/-<br>എം. ബുക്ക് നം. - 454/16-17<br>(പേജ് നം. 14,15)<br>ബിൽ നം./തീ- 68/17-18/16.02.2018-385618/- | 366337/- | 374050/- | 359011/- | 15039/- |
| 4 | സവിതാ തയ്യിൽ റോഡ് നിർമ്മാണം വാർഡ്-5<br>പ്രോ. നം. 252/17<br>സ്പിൽ ഓവർ നം. 242/18<br>അടങ്കൽ- 219720/- (ലോക ബാങ്ക് )<br>ചെലവ്- 168581/-<br>കൺവീനർ - സന്തോഷ് കുമാർ. ഇ.എം<br>കരാർ നം.- 51/B/AE/MGP/16-17/ 21.03.2017<br>പ്രവൃത്തി മൂല്യം-168581/-<br>എം. ബുക്ക് നം. - 447/16-17<br>(പേജ് നം. 11,12)<br>ബിൽ നം./തീ- 71/17-18/16.02.2018-168581/- | 160152/- | 163523/- | 156948/- | 6575/- |

അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് 2018മാർച്ച് 31 വരെ ജി.എസ്.റ്റി. ബാധകമല്ല എന്ന ട്രഷറി ഡയറക്ടറുടെ 31.10.2017-ലെ 57/2017-ാം നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ടെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ VAT -ന്റെ 5% കിഴിവ്

ഫൈനൽ ബില്ല്ലിൽ കുറച്ചാണ് പ്രവൃത്തിമൂല്യം കണക്കാക്കേണ്ടതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഗുണഭോക്തൃകമ്മിറ്റിയ്ക്ക് നൽകിയ അധിക തുക 16.03.2018-ലെ ഡി.ബി.3/9058/17/സിഇ/തസ്വഭവ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ സപ്ലിമെന്ററി എഗ്രിമെന്റ് തയാറാക്കിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർനം, കരാറുകാരൻ , എം.ബുക്ക് നം, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | 34/T/AE/MSGP/16-17 dt: 16.02.2017<br>പി.ജി. വിജയൻ<br>227/15-16<br>(385857/-രൂ.)<br>പ്രോ.നം. 253/17(കോയിക്കൽ നികർത്തിൽ റോഡ് ടാറിംഗ്)<br>പ്രവൃത്തിമൂല്യം-380942/- രൂപ ( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Part Bill<br>(ബിൽ നം. 12/17-18 /29.06.17- 230679/-) | 3 മാസം.<br>(16.05.2017) | 24.06.2017 | 3859/- |

| | | | | |
|---|---|---|---|---|
| | CC 2nd & Final Bill<br>(ബിൽ നം. 59/17-18 /31.10.17- 150263/-) | | | |
| 2 | 42/T/AE/MSGP/16-17 dt: 23.02.2017<br>ജോർജ്ജുകുട്ടി പി.എ.<br>205/15-16<br>(5,47,198/-രൂ.)<br>പ്രോ.നം. 261/17(മത്സ്യ ക്ലസ്റ്റർ കോളനി റോഡ് നിർമ്മാണവും നിലവിലുള്ള റോഡ് ടാറിംഗും)<br>പ്രവൃത്തിമൂല്യം-507487/-<br>( നികുതികൾ, മറ്റു കിഴിവുകൾ ഉൾപ്പടെ)<br>CC 1st & Part Bill<br>(ബിൽ നം. 37/17-18 /29.08.17- 407198/-)<br>തനത് ഫണ്ട് ചെക്ക് .നം .2064072/31.03.17-7930/-<br>CC 2nd & Final Bill<br>തനത് ഫണ്ട് ചെക്ക് .നം .2474109/20.04.18-90511/-<br>തനത് ഫണ്ട് ചെക്ക് .നം .2474110/20.04.18-1848/- | 3 മാസം.<br>(23.05.2017) | 08.03.2018 | 22435/-<br>( Only Liquidated damage )<br>സ്ഥല തർക്കം എന്ന മറുപടി പരിഗണിച്ച് സെക്ഷൻ 2112-1- ലെ വ്യവസ്ഥ ബാധകമാക്കുന്നില്ല. |

ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ആയ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

## 3-5 ഐറ്റം നിരക്കിൽ ക്വാട്ട് ചെയ്ത ഇനങ്ങളിന്മേൽ ടെണ്ടർ കിഴിവ് ചെയ്ത് തെറ്റായി മൂല്യനിർണ്ണയം നടത്തി

2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 28.11.2016-ൽ 01/2016/AE/LSGD/MSGP ആയി ഇ-ടെണ്ടർ ക്ഷണിച്ചതിൽ വാർഡ് 4-ലെ ബാലകൈരളി 3-ാം ഘട്ടം റോഡ് ടാറിംഗ് എന്ന തനത് ഫണ്ട് പ്രോജക്റ്റിന് (പ്രോ നം. 54/17) ലഭിച്ച ടെണ്ടറുകളിൽ (2016_LSGD_89244_1) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ Item Rate BoQ ആയാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം ടിയാൻ ക്വാട്ട് ചെയ്ത നിരക്ക് 4,41,112/- രൂപയാണ്. അളവ് പുസ്തകം 229/15-16 പരിശോധിച്ചതിൽ ടിയാൻ ക്വാട്ട് ചെയ്ത ഐറ്റം റേറ്റിൽ തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി, ആയത് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ അതിന് പുറമേ ക്വാട്ട് ചെയ്ത ഐറ്റം റേറ്റിന്റെ വിലവ്യത്യാസം 21.22% ടെണ്ടർ കിഴിവായി കണക്കാക്കി തുക വീണ്ടും കുറവ് ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

കരാർ നം. 12/T/AE/MSGP/16-17/18.01.17

*CC 1st & Part Bill*

പ്രവൃത്തി മൂല്യം - 283618.20/-

അളവ് പുസ്തകം 229/15-16 പേജ് നം. 21,22

ടെണ്ടർ വ്യതിയാനം (- 21.22%)- 60183.78/-

ആകെ പ്രവൃത്തി മൂല്യം - 223434/-

റീടെൻഷൻ (-10%) - 22343/-

വാറ്റ് 4% - 8937/- , IT 1% - 2234 /-, KCWWF 1%- 2234/-

കരാറുകാരൻ സിബി ഫ്രാൻസിസിന് നൽകിയ തുക – 187686/-

(ചെക്ക് നം. 2064073/31.03.17)

*CC 2nd & Final Bill*

പ്രവൃത്തി മൂല്യം - 129520.80/-

അളവ് പുസ്തകം 229/15-16 പേജ് നം. 50,51

ടെണ്ടർ വ്യതിയാനം (- 21.22%)- 27484.31/-

ആകെ പ്രവൃത്തി മൂല്യം - 102037/-

റീടെൻഷൻ തുക തിരികെ- 22343/-

വാറ്റ് 4%, മറ്റു കിഴിവുകൾ - 7959/-(4169+1020+1020+1750 )

കരാറുകാരൻ സിബി ഫ്രാൻസിസിന് നൽകിയ തുക – 116421/-

(വൗ. നം. 217000652/08.09.17)

അർഹമായ തുക താഴെ കൊടുക്കുന്നു.

- *CC 1st & Part Bill*

പ്രവൃത്തി മൂല്യം - 283618.20/-

IT 1% - 2836 , KCWWF 1%- 2836, VAT 4% - 11345/-

റീടെൻഷൻ (-10%) - 28362/-

കരാറുകാരന് അർഹമായ തുക –238239/-

ഇൻകംടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയിൽ വന്ന കുറവ് - 602/- രൂപ വീതം ( 2836-2234) & VAT - 2408/- രൂപ കുറവ്

- *CC 2nd & Final Bill*

പ്രവൃത്തി മൂല്യം - 129520.80/-

IT 1% - 1295/- , KCWWF 1%- 1295/-, VAT 4% - 5181/-

Revenue- 1750/-

റീടെൻഷൻ തുക തിരികെ- 28362/-

കരാറുകാരന് അർഹമായ തുക –148362/-

ഇൻകംടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയിൽ വന്ന കുറവ് - 275/- രൂപ വീതം (1295-1020) & VAT - 1012/- രൂപ കുറവ്

മേൽ ബില്ലുകൾ പ്രകാരം 877/- രൂപ വീതം ഇൻകം ടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനങ്ങളിൽ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും VAT ഇനത്തിലെ വ്യത്യാസ തുക ബില്ലിൽ കിഴിവ് ചെയ്ത് മറ്റ് റിക്കവറികൾ നടത്തി കരാറുകാരന് അർഹമായ തുക നൽകി വിവരം അറിയിക്കേണ്ടതുമാണ്.

## 3-6 പ്ലാസ്റ്റിക് സംഭരണം- പദ്ധതി ചെലവ് ഹോണറേറിയം നൽകുന്നതിന് മാത്രമായി ചുരുങ്ങി

പ്ലാസ്റ്റിക് സംഭരണം എന്ന പ്രോജക്ട് 2017-18 സാമ്പത്തിക വർഷം രൂപീകരിച്ച് പണം ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് 4 ലക്ഷം രൂപയും 60,000/- രൂപ ബോധവത്കരണ പ്രവർത്തനങ്ങൾക്കുമായാണ് (നോട്ടീസ്, ബാനർ കാർഡ്, സന്ദേശങ്ങൾ തുടങ്ങിയവ) തുക വകയിരുത്തിയിരുന്നത്. പഞ്ചായത്തിനെ പ്ലാസ്റ്റിക് രഹിത ഗ്രാമമാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം.

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് ഹോണറേറിയം നൽകാൻ മാത്രമാണ് പ്രോജക്ട് രൂപീകരിച്ചതായി കാണുന്നത്. ഇത് പ്രകാരം 2017 ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾക്കുള്ള ഹോണറേറിയം ഇനത്തിൽ 38 ഹരിതകർമ്മസേനാംഗങ്ങൾക്ക് 2300/- രൂപ മുതൽ 3900/- രൂപ വരെയുള്ള പരിധിയിൽ ആകെ 1,21,500/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം. 05/17-18/27.01.2018)

2018 ജനുവരിമാസത്തെ ഹോണറേറിയം ആയി 42 പേർക്ക് 5000/- രൂപ വീതം ആകെ 2,10,000/- രൂപ നൽകിയതായി കാണുന്നു. (ബിൽ നം. 07/17-18/16.02.2018)

ഫെബ്രുവരി മാസത്തെ ഹോണറേറിയം ആയി 42 പേർക്ക് 1500/- രൂപ നിരക്കിൽ ആകെ 63,000/- രൂപ നൽകി (ബിൽ നം. 14/17-18/25.03.2018).

ഇപ്രകാരം ആകെ 3,94,500/- രൂപ ഹോണറേറിയം ഇനത്തിൽ വികസനഫണ്ടിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) നിന്നും പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഓരോ മാസവും നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച പരാമർശം മാത്രമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച റിപ്പോർട്ടോ, യൂസർ ഫീ കളക്ട് ചെയ്യുന്നതിന്റെ വിശദാംശങ്ങളോ ഒന്നും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഉപകരണങ്ങളൊന്നും തന്നെ വാങ്ങി നൽകിയിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മാർഗ്ഗരേഖയിലെ ഖണ്ഡിക 12.2 പ്രകാരം വികസനഫണ്ടിൽ നിന്നും ഹോണറേറിയം നൽകുന്നതിന് ബാധകമായ ഇനത്തിൽ മേൽ പദ്ധതി ഉൾപ്പെട്ടിട്ടില്ലാത്തതിനാലും പദ്ധതി ഹോണറേറിയം നൽകുന്നതിനായി ചുരുങ്ങിയതിനാലും പ്രോജക്ടിനായി ചെലവഴിച്ച തുകയായ 3,94,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതികൾ - മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല.

1. പ്രോജക്ട് നം. - S0065 /18

നിർവ്വഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ - 465000/- (വികസനഫണ്ട്)

- 1,50,000/- (blockshare)

- 1,50,000/- (ownfund)

ബിൽ നം. - 7/17-18 / 18.01.18 , 243791 /-

മേൽ ബിൽ നം. പ്രകാരം മാറിയ തുകയിൽ നിന്നും 1,50,000/- രൂപ മരുന്ന വാങ്ങുന്നതിനായി കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന് കാണുന്നു. നാളിതുവരെ ലഭ്യമായ മരുന്നിന്റെയും ഇനി ലഭ്യമാകാനുള്ള മരുന്നിന്റെയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 70165/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 70165/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ കിട്ടുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ പദ്ധതിക്കായി 150000/- രൂപ (ചെക്ക് നം. 1492924/18.01.18) ലഭ്യമായിട്ടുണ്ട്. പാലിയേറ്റീവ് കെയർ പരിചരണ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഈ തുക നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. 59443/- രൂപയുടെ ഉപകരണങ്ങൾ ഇനിയും ലഭ്യമാകാനുണ്ട്. ഈ തുക 59443/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുക്കേണ്ടതാണ്.

## 3-8 <u>വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള വാറന്റി സ്ഥാപനം ലഭ്യമാക്കിയില്ല.</u>

1) പ്രോജക്റ്റ് നം. - S0071/18

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നം. - 22/17-18 /5.03.18, 485000 /-

2) പ്രോജക്റ്റ് നം. - S0300/18

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നം. - 28/17-18 /21.03.18, 48500 /-

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി യഥാക്രമം 20, 2 എണ്ണം എയ്സർ ആസ്പയർ ലാപ്ടോപ്പുകൾ മേൽപദ്ധതി പ്രകാരം വാങ്ങിനൽകിയിട്ടുണ്ട്. ഐ.ടി മിഷൻ സ്പെസിഫിക്കേഷൻ പ്രകാരം 5 വർഷം മാനുഫാക്ചർ വാറണ്ടിയുള്ള കംപ്യൂട്ടറുകളാണ് വാങ്ങേണ്ടത്. കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്ടോപ്പിന് 24250/- രൂപ നിരക്കിലാണ് ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത്. സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വർഷത്തെ വാറന്റി (comprehensive onsite OEM warranty) ടെണ്ടറിൽ കമ്പനി ഉറപ്പ് നൽകിയിരുന്നു. 5 വർഷത്തെ വാറന്റിയുൾപ്പെടെയുള്ള തുകയാണ് സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ വിതരണം ചെയ്തിട്ടുള്ള ലാപ്ടോപ്പുകളുടെ വാറണ്ടി സംബന്ധിച്ചുള്ള തുടർ പരിശോധനയിൽ ഒരു വർഷത്തെ നോർമൽ പ്രൊഡക്റ്റ് വാറണ്ടി മാത്രമാണ് ഈ സ്പെസിഫിക്കേഷനിലുള്ള ലാപ്പ്ടോപ്പുകൾക്കുള്ളൂ എന്ന് വ്യക്തമായി. കമ്പനി ഓഫർ ചെയ്ത വാറണ്ടി, പദ്ധതി പ്രകാരം വാങ്ങിയ ലാപ്പ്ടോപ്പുകൾക്ക് ഉണ്ടോ എന്ന് ഉറപ്പാക്കാതെയാണ് വാങ്ങി പദ്ധതി നടപ്പാക്കിയത്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.11.18) സ്ഥാപനം ഓഫർ ചെയ്ത വാറണ്ടി പരിശോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അറിയാത്തതിനാലാണ് ഈ അപാകത സംഭവിച്ചതെന്നും തുടർന്നുള്ള നിർവ്വഹണത്തിൽ ആയത് പരിശോധിച്ച് ബോധ്യപ്പെടുന്നതായിരിക്കും എന്ന മറുപടി ലഭ്യമാക്കി. ഇത്തരം പദ്ധതികളിൽ വാങ്ങുന്ന സാധനത്തിന്റെ ഗുണമേൻമ ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.

പ്രോജക്റ്റ് നം. - എസ്സ്0180/18

അടങ്കൽ - 1,50,000/-

ചെലവ് - 1,00,000/-

ബിൽ നം. - 19/17-18/14-03-2018

എച്ച്.എം നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ചതായി കാണുന്നില്ല. സമിതി രൂപീകരിച്ച് അവരുമായി കൂടിയാലോചിച്ച് വേണം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങേണ്ടതും, വിതരണം നടത്തേണ്ടതും. ഇവിടെ അങ്ങിനെ ഒന്ന് സംഭവിച്ചതായി കാണുന്നില്ല.
2. സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ തന്നെ ഹാജരാക്കിയിട്ടില്ല. ഓരോ ക്ലബ്ബിനും എന്തൊക്കെ ഉപകരണങ്ങൾ വിതരണം നടത്തിയെന്നറിയാൻ സാധിക്കുന്നില്ല.
3. പല ക്ലബ്ബുകളും അവരുടെ ആവശ്യകത എന്തെന്ന് അറിയിച്ചിട്ടില്ല. മുഴുവൻ ക്ലബ്ബുകളുടേയും ആവശ്യകത അറിയാതെ എങ്ങിനെയാണ് കളിയുപകരണങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമല്ല. ക്യാരംസ് ബോർഡ്, ചെസ്സ് ബോർഡ്, ഷട്ടിൽ റാക്കറ്റ് ഉടങ്ങിയവ വേണമെന്ന് ആവശ്യപ്പെട്ട ക്ലബ്ബുകൾ ഉണ്ട്. ഇവയൊന്നും വാങ്ങിയിട്ടില്ല. ഇൻ വോയ്സ് പ്രകാരം ആകെ വാങ്ങിയിട്ടുത് 50 എണ്ണം വീതം ക്രിക്കറ്റ് ബാററ്, വോളീബോൾ, ഫുട്ബോൾ എന്നിവ മാത്രമാണ്.
4. കൈപ്പറ്റ് രസീതുകൾ പ്രകാരം 49 ക്ലബ്ബുകൾ മാത്രമേ സാധനങ്ങൾ കൈപ്പറ്റിയിട്ടുള്ളൂ. സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഒരു ക്ലബ്ബിന് 2,000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ മാത്രമേ നൽകുവാൻ പാടുള്ളൂ അതായത് 98,000/- രൂപയുടെ സാധനങ്ങൾ മാത്രമാണ് വിതരണം നടത്തേണ്ടത്. ഒരു ലക്ഷം രൂപയുടെ സാധനങ്ങൾ വാങ്ങിയതായി രേഖകളിൽ കാണുന്നു.
5. പല ക്ലബ്ബുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ തന്നെ പത്തും, പതിനഞ്ചും അതിലധികമോ വർഷങ്ങൾ പഴക്കമുള്ളവ. യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ ഈ ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ നിലവിലുണ്ടോ എന്ന് പോലും സംശയമാണ്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം സ്റ്റോക്ക് രജിസ്റ്ററും, (ക്രമ നം. 2) കൈപ്പറ്റ് രസീതും (ക്രമ നം. 4) ഹാജരാക്കിയിട്ടുണ്ട്. മറ്റ് സംശയങ്ങൾക്കൊന്നും തന്നെ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-10 തുല്യതാ വിദ്യാഭ്യാസം

പ്രോജക്റ്റ് നം. - എസ്സ്0004/18

അടങ്കൽ - 6,00,000/-

ചെലവ് - 4,96,150/-

ബിൽ നം. - 17/17-18/21-02-2018/ 3,57,500/-

20/17-18/14-03-2018/1,38,650/-

പത്ത് /പന്ത്രണ്ടാം തരം തുല്യതാ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കണ്ടറി വിഭാഗത്തിലെ 65 പേർക്കായി 3,57,500/- രൂപയും, ഹൈസ്കൂൾ വിഭാഗത്തിലെ 59 പേർക്കായി 1,38,650/- രൂപയും സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷന്റെ കൈപ്പറ്റ് ഫയലിലില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പലതും ലഭ്യമല്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പഠിതാക്കളുടെ ലിസ്റ്റ്, പഠിതാക്കൾക്കായി ക്ലാസ്സുകൾ

നടത്തിയതിന്റെ ഹാജർ എന്നിവ ഫയലിൽ ലഭ്യമല്ല. എത്ര പേർ പരീക്ഷ എഴുതിയെന്നോ, എഴുതിയവരിൽ എത്ര പേർ പാസായി എന്നോ വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 13 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പണം നൽകിയതിന്റെ കൈപ്പറ്റ്, പഠിതാക്കൾക്കുള്ള ക്ലാസ്സുകൾ നടത്തിയതിന്റെ വിവരങ്ങൾ എന്നിവയൊഴികെയുള്ളവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. തുക തടസ്സപ്പെടുത്തുന്നു.

## 3-11 വെള്ളക്കരം - ഭീമമായ കുടിശ്ശിക. പിഴ പലിശ ഇനത്തിൽ മാത്രം തൻവർഷം നൽകേണ്ടത് 24 ലക്ഷത്തിലധികം രൂപ.

വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ഗ്രാമപഞ്ചായത്ത് 31-03-2018 വരെ വാട്ടർ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശിക 2% ഫൈൻ അടക്കം 13176927/- രൂപയാണ്. വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള കണക്ക് പ്രകാരം 1270 ടാപ്പുകൾക്ക് ഒരു വർഷം ഒടുക്കേണ്ട തുക 6667500/- രൂപയാണ്. (1270x 5250/-) ഇതിന്റെയടിസ്ഥാനത്തിൽ പ്രതിമാസം 555625/- രൂപയാണ് പഞ്ചായത്തിൽ നിന്നും നൽകുന്നത്. പഞ്ചായത്തിൽ നിന്നും പ്രതിമാസം തുക നൽകുന്നുണ്ടായിട്ടും ഇത്തരത്തിൽ ഭീമമായ തുക കുടിശ്ശിക വരുവാനുള്ള കാരണവും വ്യക്തമല്ല. കുടിശ്ശിക സംബന്ധിച്ച പൂർണ്ണ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% നിരക്കിലാണ് വാട്ടർ അതോറിറ്റി പിഴ പലിശ കണക്കാക്കുന്നത്. ഇതു പ്രകാരം പ്രതിമാസം രണ്ട് ലക്ഷം രൂപയിലധികം തുക വീതം 24 ലക്ഷത്തിലധികം രൂപ പിഴ പലിശയായി പ്രതി വർഷം നൽകേണ്ടി വരുന്നു. (2018 ജനവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കണക്കാക്കിയ ശരാശരി പിഴപലിശ -238160/- രൂപ) പ്രതിമാസം 1270 ടാപ്പുകൾക്ക് തുക നൽകുന്നുണ്ടെങ്കിലും ടാപ്പുകളുടെ എണ്ണം കണക്കാക്കിയത് സംബന്ധിച്ച സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ഹാജരാക്കേണ്ടതും നിലവിൽ പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ കൃത്യമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-12 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം (27/18) - പ്രൊക്യൂർമെന്റ് കമ്മറ്റി നടപടി ക്രമങ്ങൾ പാലിച്ചില്ല.

ബിൽ നം. - 1/10.12.17 - 174988/-

2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണ വിതരണം എന്ന പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 5000/- രൂപ നിരക്കിൽ ഒരു ടേബിളും ചെയറും വീതം 35 ഗുണഭോക്താക്കൾക്കായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട് പർച്ചേസിംഗ് കമ്മിറ്റിയിൽ തീരുമാനങ്ങളൊന്നും തന്നെ എടുക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

തൻവർഷത്തിൽ തന്നെ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതിയ്ക്കായി ടേബിളും ചെയറും വാങ്ങി നൽകിയിട്ടുള്ളത് ടെണ്ടർ നടപടി പ്രകാരമാണ്. ഇതു പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കലവൂരിലെ കൈരളി ഫർണിഷേസ് എന്ന സ്ഥാപനത്തിൽ നിന്നും 38 ടേബിളും, ചെയറും വാങ്ങിയിട്ടുള്ളത് 4400/- രൂപ നിരക്കിലാണ്. (3200+1200) സിഡ്കോ നൽകിയിട്ടുള്ളതിലും വലുപ്പത്തിലുള്ള ഫർണ്ണീച്ചറുകളാണ് പ്രസ്തുത സ്ഥാപനം നൽകിയിട്ടുള്ളത്. 23.10.2017 ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അനുമതിയോടെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിട്ടുള്ളത്.

ഈ രണ്ട് പദ്ധതികളിലും പഠനോപകരണങ്ങൾ വാങ്ങിയിട്ടുള്ളത് വ്യത്യസ്ത നിരക്കിലാണ്. ഗ്രാമ പഞ്ചായത്തിൽ ഒരു വർഷത്തിൽ തന്നെ പഠനോപകരണങ്ങൾ വ്യത്യസ്ത നിരക്കിൽ രണ്ട് വിഭാഗങ്ങൾക്ക് വിതരണം ചെയ്തത് ക്രമ പ്രകാരമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അനുമതിയോടുകൂടിയാണ് വാങ്ങേണ്ടതെന്നിരിക്കെ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം എന്ന പദ്ധതിയിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതു മൂലമാണ് ടി അപാകത ഉണ്ടായിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടി ക്രമങ്ങളിലൂടെ വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ ഇപ്രകാരം അധിക ചെലവ് ഉണ്ടാകുമായിരുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ സിഡ്കോയിൽ നിന്നും വാങ്ങിയതു മൂലമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. പദ്ധതി പ്രകാരമുള്ള വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ബാലകൈരളി

പ്രോജക്റ്റ് നം. - എസ്സ്0005/18

അടങ്കൽ - 12,00,000/-

ചെലവ് - 11,99,514/- (തനത് വർഷം)

എച്ച്.എം. നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ, സ്പിൽ ഓവറിലെ തുകയടക്കം 2017-2018 ലെ ചെലവ് 12,03,104/- രൂപ. ഇതൊരു തനത് പ്രൊജക്റ്റാണ്. അംഗൻവാടികളിലേതു പോലെ 3 മുതൽ 5 വയസ്സു വരെയുള്ള കൊച്ചു കുട്ടികളെ പഠിപ്പിക്കുന്നതിനായാണ് ബാലകൈരളികൾ രൂപീകരിച്ചിരിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നു. നിലവിൽ 51 അംഗൻവാടികൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ നിത്യേനയുള്ള പ്രവർത്തനച്ചെലവു കൂടാതെ 2017-2018 ൽ സ്വന്തമായി സ്ഥലം വാങ്ങുന്നതിനും മറ്റുമായി ധാരാളം പണം ചെലവഴിച്ചിട്ടുമുണ്ട്. 13,00,531/- രൂപയാണ് അംഗൻവാടികളുടെ വിവിധ ആവശ്യങ്ങൾക്കായി 2017-2018 ൽ പഞ്ചായത്ത് ചെലവാക്കിയിട്ടുള്ളത്. ഒരുപാട് പണവും, അദ്ധ്വാനവും ചെലവഴിച്ച് , കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങൾക്കായി സർക്കാർ തലത്തിൽ അംഗൻവാടികൾ പോലെയുള്ള വിപുലവും, ശാസ്ത്രീയവുമായ സംവിധാനങ്ങൾ പ്രവർത്തിക്കുമ്പോൾ, അതേ ആവശ്യങ്ങൾക്കായി ലക്ഷങ്ങൾ ചെലവിട്ട് ബാലകൈരളി പോലൊരു സമാന്തര സംവിധാനം പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഉദ്ദേശശുദ്ധിയെ ഓഡിറ്റ് കുറച്ചു കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 19 ന് ലഭിച്ച മറുപടിയിൽ കഴിഞ്ഞ 15 വർഷമായി തുടരുന്ന പദ്ധതിയാണിതെന്നും, മലയാളം മാദ്ധ്യമത്തിലാണ് പ്രവർത്തനമെന്നും, പൊതുവിദ്യാലയ സംരക്ഷണമാണ് ലക്ഷ്യമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഇതൊക്കെതന്നെയോ, ഇതിലും ഉന്നതമായതോ ആയ ലക്ഷ്യം തന്നെയാണ് അംഗൻവാടികളിലൂടെ സർക്കാരും ഉന്നമിടുന്നത്. ആയതിനാൽ ഒരേ ആവശ്യത്തിനായി വിവിധ പദ്ധതികളിലൂടെ പണം ചെലവഴിക്കുന്നത് ശരിയായ പ്രവണതയായി ഓഡിറ്റ് കാണുന്നില്ല. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 കുട്ടികളുടെ ശാരീരിക മാനസീക ആരോഗ്യ പരിരക്ഷ (മാനസ)

പ്രോജക്റ്റ് നം. - എസ്സ്0007/18

അടങ്കൽ - 3,00,000/-

ചെലവ് - 2,40,000/- (തനത് വർഷം)

ബിൽ നം. - 02/17-18/26-08-2017/ 1,20,000/-

06/17-18/20-10-2017/1,20,000/-

07/17-18/24-11-2017/60,000/-

09/17-18/28-12-2017/60,000/-

11/17-18/30-01-2018/60,000/-

13/17-18/30-01-2018/6,000/-

16/17-18/20-02-2018/60,000/-

22/17-18/14-03-2018/60,000/-

25/17-18/31-03-2018/60,000/-

എച്ച്.എം. നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി, സ്പിൽ ഓവറിലെ തുകയടക്കം 6,06,000/- രൂ. 2017-2018 ൽ ചെലവു ചെയ്തിട്ടുണ്ട്. ഇതിൽ ടാക്സി ചാർജ്ജായി നൽകിയ 6,000/- രൂപയുടെ ചെലവ് മാറ്റി നിർത്തിയാൽ, ബാക്കി 6,00,000/- രൂപയും ആറു പേർക്ക് ശമ്പളം നൽകുവാനാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. കുട്ടികളുടെ ശാരീരിക മാനസീക ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനാണ് ഈ തനത് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

അതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ ആറു പേർ ചേർന്ന് നടത്തുന്നതെന്ന് ഒരു സൂചനയും ഫയലിലില്ല. ഈ ആറു പേരും പഞ്ചായത്ത് പ്രദേശത്തെ നാല് സ്കൂളുകളിൽ ദിവസേന ഹാജരായിട്ടുണ്ട് എന്ന് കാണിച്ച് അതാത് സ്കൂളിലെ പ്രധാന അദ്ധ്യാപികമാർ നൽകിയ സാക്ഷ്യപത്രവും, അതിന്റെയടിസ്ഥാനത്തിൽ 10000/- രൂ. പ്രകാരം ശമ്പളം കൈപ്പറ്റിയ രസീതും ഫയലിലുണ്ട്. എന്നാൽ എന്ത് ജോലിയാണ് ഇവർക്ക് നിശ്ചയിച്ച നൽകിയിട്ടുള്ളതെന്നോ, ഇവരുടെ ജോലിയുടെ സ്വഭാവമെന്തെന്നോ, എന്തൊക്കെ യോഗ്യതകളാണ് ഈ ജോലിയ്ക്കായി നിശ്ചയിച്ച നൽകിയിട്ടുള്ളതെന്നോ, 10 മുതൽ 4 വരെയുള്ള സമയം സ്കൂളുകളുടെ സ്വഭാവികമായ പ്രവൃത്തി സമയമാണെന്നിരിക്കെ, ഏതാണ് ഇവരുടെ ജോലി സമയമെന്നോ തുടങ്ങി ഒരു വിശദാംശങ്ങളും ഫയലിലില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 21 ന് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്, പൊതുവിദ്യാലയത്തിലെ അപ്പർപ്രൈമറി തലത്തിലുള്ള പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അവരുടെ പഠന വൈകല്യം മാറ്റി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിലുള്ള പദ്ധതിയാണിതെന്നാണ്. എന്നാൽ എത്ര കുട്ടികൾ ഈ പദ്ധതിയുടെ ഭാഗമായി മാറിയിട്ടുണ്ടെന്നും, അവരുടെ പഠനനിലവാരത്തിൽ എത്രത്തോളം മാറ്റം കൊണ്ടുവരുവാൻ ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുമുള്ള യാതൊരു മോണിറ്ററിംഗും ഈ പദ്ധതിയുടെ ഭാഗമായി നടന്നിട്ടില്ല. ചുരുക്കത്തിൽ ഈ പദ്ധതിയുടെ ഭാഗമായി ശമ്പളം കൈപ്പറ്റുന്ന അദ്ധ്യാപികമാർ മാത്രമാണ് ഇതിന്റെ ഗുണഭോക്താക്കൾ. അപ്പർ പ്രൈമറി കുട്ടികൾക്കായുള്ള ക്ലാസ്സ് എടുക്കുന്ന മൂന്ന് അദ്ധ്യാപികമാർ ഹാജരായതിന്റെ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് ഹയർ സെക്കന്ററിയിലേയും, ഹൈസ്കൂളിലേയും പ്രധാനഅദ്ധ്യാപികമാരാണ്. ഇതൊരു തനത് പ്രൊജക്ടായതു കൊണ്ട് തന്നെ ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് യാതൊരു സർക്കാർ നിബന്ധനകളും ലഭ്യമല്ല. സർക്കാർ നേരിട്ടും എസ്.എസ്.എ. മുഖേനയും സ്പോൺസർഷിപ്പിലൂടെയും പി.റ്റി.എ. യും ചേർന്നും ഇപ്രകാരം കൗൺസിലിംഗ് ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട് എന്നിരിക്കെ തദ്ദേശസ്ഥാപനം മുഖേന ഈ പദ്ധതി നടപ്പാക്കേണ്ട ആവശ്യമില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിലേയ്ക്ക് ശുപാർശ ചെയ്യുന്നു.

## 3-15 സ്കൂളുകൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുത്തത് സംബന്ധിച്ച്

വൗച്ചർ നം. 21700574/8 – 54000/- രൂപ, ചെക്ക് നം. 935010/24/8/17

വൗച്ചർ നം. 21700575/8 – 93000/-രൂപ, ചെക്ക് നം. 935011/24/8/17

പഞ്ചായത്തിന്റെ കീഴിലുള്ള ബഡ്സ് സ്കൂളിലെ ആവശ്യത്തിനായി 30.07.17 മുതൽ 14.08.17 വരെ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ദിവസേന 3000/- രൂപ പ്രകാരം 31 ദിവസത്തേയ്ക്ക് ആകെ 93,000/- രൂപ 77/24/8/17 ബിൽ പ്രകാരം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ ടി.എം.പി.എൽ.പി.എസ് – ലെ ആവശ്യത്തിനായും 17.07.17 മുതൽ 22.08.17 വരെ വാഹനം വാടകയ്ക്ക് എടുത്തതിന് 78/24.08.17 ബിൽ പ്രകാരം 27 ദിവസത്തേയ്ക്ക് 2000/- രൂ. നിരക്കിൽ ആകെ 54,000/- രൂപ നൽകിയിട്ടുണ്ട്. ഇതേ മാസം തന്നെ ടിഎംപിഎൽപിഎസ്സിന് പുതിയ വാഹനം ലഭിച്ചതായും അതിന്റെ ഉത്ഘാടനത്തിനായി 1950/- രൂപ ചെലവഴിച്ചതായും ബിൽ രജിസ്റ്ററിൽ കാണുന്നു. സ്കൂളുകൾക്ക് സ്വന്തമായി വാഹനങ്ങൾ ഉണ്ടായിരിക്കെ, വാടകയ്ക്ക് വാഹനങ്ങൾ എടുക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 28 ന് മറുപടി നൽകിയിട്ടുണ്ട്. വാഹനങ്ങൾ ടെസ്റ്റ് വർക്കിന് കയറ്റിയ കാലയളവിലാണ് വാഹനം വാടകയ്ക്ക് എടുത്തതെന്നും, ടി.എം.പി.എൽ.പി.എസ് - ന്റെ വാഹനം ടെസ്റ്റിന് കയറ്റിയ കാലയളവിൽ പുതിയൊരു വാഹനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി അനുവദിച്ച നൽകിയതായും അറിയിച്ചിട്ടുണ്ട്. പഴയ വാഹനം ഇപ്പോഴും സ്കൂൾ അധികൃതരുടെ കൈവശമുണ്ട്.

സ്വന്തമായി വാഹനങ്ങൾ ഉണ്ടായിട്ടും 1,47,000/- രൂപ വാടകയിനത്തിൽ പഞ്ചായത്തിന് ചെലവു ചെയ്യേണ്ടി വരുന്നു. ഈ ചെലവ് എല്ലാ വർഷവും ആവർത്തിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നു. ആയതിനാൽ സ്കൂൾ അവധിക്കാലത്തിൽ വാഹനങ്ങൾ ടെസ്റ്റ് വർക്കിന് കയറ്റാൻ കഴിയുമോയെന്ന് മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് അധികൃതരോട് ചോദിക്കാവുന്നതാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-16 അംഗനവാടികൾക്ക് വാട്ടർകണക്ഷൻ– പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം. - S0173 /18

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 50, 000/ - ( തനത് ഫണ്ട്)

ബിൽ നം. - 47500/-

ചെലവ് - 47500/- (തനത് ഫണ്ട്)

ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിലെ അംഗനവാടികൾക്ക് വാട്ടർകണക്ഷൻ നൽകുന്നതിനായി ക്വട്ടേഷൻ വിളിച്ച് ഏറ്റവും കുറവ് തുക കോട്ട് ചെയ്ത സത്യൻ പി കെ എന്നയാളിനെ കരാർ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ 7 അംഗനവാടികളുടെ വാട്ടർകണക്ഷൻ പണി പൂർത്തീകരിച്ചിട്ടുണ്ട്. 7 അംഗൻവാടികൾക്ക് വാട്ടർകണക്ഷൻ ഇനത്തിൽ ചെലവായ തുക 47500/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. രണ്ട് അംഗനവാടികളുടെ (78, 107 ) വാട്ടർ കണക്ഷൻ സംബന്ധമായ ജോലികൾ നാളിതുവരെയായിട്ടും ആരംഭിച്ചിട്ടില്ല അംഗനവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതകളിൽപ്പെടുന്ന ഒന്നാണ്. അതിനാൽ മറ്റ് രണ്ട് അംഗനവാടികളുടെയും വാട്ടർകണക്ഷൻ പണി പൂർത്തീകരിക്കുന്നതിനുള്ള തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-17 ബി.എസ്.എൻ.എൽ- റെയിൽവേസ്റ്റേഷൻ കോൺക്രീറ്റ് റോഡ് - ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ലഭിച്ചതായി രേഖയില്ല

മാരൻകുളങ്ങര-ഐക്കര റോഡിനെ കലവൂർ റെയിൽവേസ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ശരാശരി 2.00 മീറ്റർ ക്യാരേജ് വേ ഉള്ള ബി.എസ്.എൻ.എൽ- റെയിൽവേസ്റ്റേഷൻ ഗ്രാവൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനായാണ് എസ്റ്റിമേറ്റ് തയാറാക്കിയിരുന്നത്.

ബി.എസ്.എൻ.എൽ- റെയിൽവേസ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗിന്റെ പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 113.45 മീറ്റർ നീളത്തിൽ 3.00 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾ സ്ഥലം വിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി വ്യക്തമാക്കിയിട്ടുണ്ട്.

5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ- റെയിൽവേസ്റ്റേഷൻ റോഡ് , നിലവിൽ റോഡായി ഉപയോഗിക്കുന്ന ഭാഗത്തെ നിയമ പ്രകാരമുള്ള സ്ഥലം ഭൂഉടമകൾ വിട്ടു നൽകിയതിലേയ്ക്കായി ഒപ്പിട്ട് നൽകിയ കൺസെന്റ് ഫോമുകൾ പ്രകാരം ടി സ്ഥലം പ്രസ്തുത സ്ഥല ഉടമകളുടെ ആസ്തിയിൽ നിന്നും കുറവ് ചെയ്യുന്നതിനും പഞ്ചായത്തിന്റെ ആസ്തിയിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 5-ാം വാർഡ് മെമ്പർ ശ്രീമതി രമാദേവി അസി. എഞ്ചിനിയർക്ക് 27.07.2017 തീയതിയായി കത്ത് നൽകിയതായി കാണുന്നു. ആയത് തുടർനടപടികൾക്കായി അസി .എഞ്ചിനിയർ സെക്രട്ടറിയ്ക്ക് സമർപ്പിച്ചതായും കാണുന്നു.

ഫയൽ പരിശോധിച്ചതിൽ ശ്രീമതി പി.എൻ രാധാമണിയമ്മ എന്ന ഗുണഭോക്താവുൾപ്പെടെ 9 ഗുണഭോക്താക്കൾ, ലാൻഡ് റിലിങ്ക്വിഷ്മെന്റ് റൂൾ -3 പ്രകാരമുള്ള ഫാറം എ -ൽ അപേക്ഷകൾ നൽകിയിട്ടുണ്ട്.

ശ്രീമതി പി. എൻ. രാധാമണിയമ്മ, തയ്യിൽ വീട് എന്ന ഗുണഭോക്താവ് ടിയാളുടെ 79 സെന്റ് ഭൂമിയിൽ (268/8) റോഡിനു വേണ്ടി 1.9 ആർസ് വിട്ടു നൽകിയതായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിനെ എതിർകക്ഷിയാക്കി അയച്ചിട്ടുള്ള 03.04.2017-ലെ വക്കീൽ നോട്ടീസിൽ കലവൂർ വില്ലേജിലെ ബ്ലോക്ക് നം. II, റീ.സർവ്വേനം. 268/8 -ലെ 31 ആർസ് ഭൂമി, ശ്രീ. അരുൺകുമാറിന് (ആമിന അപ്പാർട്ട്മെന്റ്, മാട്ടുമ്മേൽ ജം, തേവര) വിൽക്കുന്നതിനായി ശ്രീമതി. പി. എൻ രാധാമണിയമ്മ കരാർ ചെയ്തിട്ടുള്ളതായും കരാർ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ശ്രീമതി .രാധാമണിയമ്മയെ എതിർ കക്ഷിയാക്കി ആലപ്പുഴ സബ്കോടതിയിൽ OS No. 72/2012 ആയി വ്യവഹാരമുള്ളതായും പ്രസ്തുത വ്യവഹാരത്തിന്മേൽ ശ്രീ അരുൺകുമാറിന് അനുകൂലമായി വിധി പ്രസ്താവം ഉണ്ടായതായും ചൂണ്ടിക്കാണിച്ചിരിക്കുന്നു. കൂടാതെ ടി കാര്യത്തിന്മേൽ എക്സിക്യൂഷൻ പെറ്റീഷൻ പെൻഡിംഗ് ഉള്ളതായും പ്രസ്താവിച്ചു കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി. രാധാമണിയമ്മ റോഡിനായി വിട്ടു നൽകിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയായി നിയമപ്രകാരം അവകാശം കൈവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് കലവൂർ വില്ലേജ് ഓഫീസർക്ക് 31.08.2017-ലെ എ2/9739/17-ാം നമ്പർ കത്ത് പ്രകാരം

തുടർനടപടികൾക്കായി അയച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട്, 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് റൂൾ എന്നിവ പ്രകാരം രാധാമണിയമ്മ ഉൾപ്പെടെയുള്ള ഉടമസ്ഥർ വസ്തു കൈയൊഴിഞ്ഞു നല്കുന്നതിനായി നിശ്ചിത മാതൃകയിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ റെവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവിടുകയും തദനുസൃതമായി റെവന്യൂ റെക്കോഡുകളിൽ ആവശ്യമായ കിഴിവുകളും കൂട്ടിച്ചേർക്കലുകളും വരുത്തി പഞ്ചായത്തിന്റെ പേർക്ക് ആസ്തിയായി മുതൽക്കൂട്ടിയെങ്കിൽ മാത്രമേ ടി ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആവുകയുള്ളൂ. മാത്രമല്ല റോഡിനായി വിട്ടു നൽകിയ ഭൂമിയുടെ വ്യവഹാരത്തിന്മേലുള്ള തീർപ്പ്, റോഡ് പഞ്ചായത്തിന്റെ ആസ്തിയായി മുതൽക്കൂട്ടിയതിന്റെ തുടർനടപടി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-18 ഭവനനിർമ്മാണം പദ്ധതി പൂർത്തീകരിച്ചിട്ടില്ല -അനന്തമായി നീളുന്നു.

പ്രോജക്ട് നം. - S0152/18

നിർവ്വഹണം - അസി. സെക്രട്ടറി

വകയിരുത്തിയ തുക - 871853/- ( വികസനഫണ്ട്)

നാളിതുവരെ ചെലവ് - 2,20,000/-

തൻവർഷത്തേക്ക് - 651853/-

06/16-17/ 8.3.17,100000

ബിൽ നം - 12/16-17/ 24.3.17 ,1,20,000

24/17-18/ 8.3.18 ,28147

26/17-18//8.3.18,120000

27/17-18/21.3.18, 40000

9/17-18/10.1.18, 1,80,000

10/17-18/10.1.18, 90000

16/17-18 /24.1.17, 90000

17/17-18/30.1.18, 80000

18/17-18/16.2.18, 80000

19/17-18//20.2.18,120000

25/17-18//08.3.18,11853

മാതൃകാ ഗ്രാമത്തിൽ സ്ഥലം അനുവദിച്ച ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പദ്ധതി സ്പിൽഓവർ പദ്ധതിയായിട്ടാണ് ഈ വർഷം നടപ്പാക്കിയത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ ബിന്ദു സുനിൽ, രാധാമണി, പ്രസീത, രതില, ബിന്ദു എന്നിവരിൽ ബിന്ദു സുനിൽ, രാധാമണി എന്നിവർക്ക് ഒരു ഗുണഭോക്താവിന് ആകെ അനുവദിക്കപ്പെട്ട രണ്ട് ലക്ഷം രൂപയുടെ 40% വും, മറ്റുള്ളവർക്ക് 10% വും പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൈമാറിയിരുന്നു. 2017-18 വർഷം സ.ഉ(സാധാ)നം. 3875 /2017/തസ്വഭവ, 30.11.2017 പ്രകാരം 2016-17 വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക വർദ്ധനവ് നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം 4 ലക്ഷം രൂപ ആനുപാതിക വർദ്ധനവ് ആയി ഓരോ സ്റ്റേജ് പൂർത്തിയാകുമ്പോൾ മേൽ ബിൽ പ്രകാരം ബിന്ദു ഒഴികെയുള്ളവർക്ക് തുക അനുവദിച്ചിരുന്നു ഇവരിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയത് ബിന്ദുസുനിൽ , രാധാമണി എന്നിവർ മാത്രമാണ്. തുക കൈപ്പറ്റിയവിൽ ബിന്ദു ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല . ഈ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ

വിശദാംശങ്ങൾ ഹാജരാക്കാനും അതോടൊപ്പം പ്രസീത , രതില എന്നീ ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (31/01.12.18) 2018-19 വർഷ പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കുമെന്നും അഡ്വാൻസ് തുക കൈപ്പറ്റിയ ബിന്ദുവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയവിൽ ബിന്ദു ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം പ്രസീത, രതില എന്നീ ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കാൻ നിർദ്ദേശം നൽകേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 100000 | പാൽ ഇൻസെന്റീവ് | 100000 | 00 |
| | 2017-18 | 300000 | സ്കോളർഷിപ്പ് | 203400 | 96600 |
| | 2017-18 | 1058098 | ലൈഫ് മിഷൻ | 798095 | 260003 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 300000 | സ്കോളർഷിപ്പ് | 203400 | 96600 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 150000 | പാലിയേറ്റീവ് | 150000 | 00 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 500000 | പാൽ ഇൻസെന്റീവ് | 500000 | 00 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 34000 | നെൽകൃഷി വികസനം | 00 | 34000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവ്വഹണ ഏജൻസി. | പ്രവർത്തിയുടെ പേര്. | വൌച്ചർ നം./ തീയതി. | നൽകിയ തുക. | ചെലവഴിച്ച തുക. | ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| കെ. എസ്.ഇ.ബി, | സ്ട്രീറ്റ് ലൈൻ നീട്ടൽ | 21701822/ തീ. 26/08/17 | 3258177 | 176276 | 3081901 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 221/2010/തസ്വഭവ/ തീ. 21/01/10 | 4695930 | 1500000 | 00 | 3195930 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം. | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും. | രസീത് നം./തീയതി. |
|---|---|---|---|---|
| 2016-17 | 2-1 | 1850 | മാനേജർ, ഹോട്ടൽ അബാദ് | 117050100825/31/10/17 |
| 2016-17 | 2-3 | 1250 | മാനേജർ, ഹോംകോ | 117050100989/9/11/17 |
| 2016-17 | 2-2 | 1350 | മാനേജർ, കൊശമറ്റം ഫിനാൻസ് | 117050101066/15/11/17 |
| 2016-17 | 2-2 | 3300 | മാനേജർ,<br>ഇരാൻഡിയ ആയൂർവേദിക് റിസോർട്ട് | 117050500034/27/11/17 |
| 2016-17 | 2-2 | 6400 | മാനേജർ,<br>ഇഎൽ ഓഷ്യാനോ ബീച്ച് വില്ലാസ് | 11705001398/28/11/17 |
| 2016-17 | 2-2 | 600 | ആലപ്പി ലേക്ക് & ലഗൂൺസ് | 117050101399/28/11/17 |
| 2016-17 | 2-2 | 8150 | ആലപ്പി ലേക്ക് & ലഗൂൺസ് | 117050101400/28/11/17 |
| 2016-17 | 2-2 | 15480 | മാനേജർ, ക്ലാസിക് കയർ | 117050101255/21/11/17 |
| 2016-17 | 2-2 | 3300 | മാനേജർ,<br>ഇരാൻഡിയ ആയൂർവേദിക് റിസോർട്ട് | 117050500033/29/11/17 |
| | ആകെ | 41580 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | 2014-15 | 4-1-9 | ഉപയോമില്ലാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും, ചന്തകളും | നിലവിൽ ടി കെട്ടിടം ഹരിത കർമ്മ സേനയുടെ പ്ലാസ്റ്റിക് സംഭരണ ക്രേന്ദ്രമായി പ്രവർത്തിക്കുന്നു. ടി വസ്തുവിൽ തന്നെ 8 ലക്ഷം രൂ. മുടക്കി മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി ടെൻഡർ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശ കാലയളവിൽ സൂചിപ്പിക്ക ന്നതിൽ നിന്നും വ്യത്യസ്തമായി കാടുകൾ വെട്ടിത്തെളിച്ച് കെട്ടിടം വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതാണ്. |
| 2 | 2014-15 | 4-3-2 | പെൻഷൻ രണ്ട് തവണ നൽകി | തുക തിരിച്ചടച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112342578 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99231626 |
| വരവിനങ്ങളിലുള്ള നഷ്ടം | 5150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57105 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4202159 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 5150 | | ശ്രീ. വി. വി. പ്രസാദ്, സെക്രട്ടറി |
| 3-3 | | 30811 | ശ്രീമതി. മിനി നിസ്സാർ, അസി. എഞ്ചിനിയർ |
| 3-4 | | 26294 | ശ്രീമതി. മിനി നിസ്സാർ, അസി. എഞ്ചിനിയർ |
| ആകെ | 5150 | 57105 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3081901 | ശ്രീ. വി. വി. പ്രസാദ്, സെക്രട്ടറി |
| 3-6 | 394500 | ശ്രീ. സജിത്ത് രാജ്, വി.ഇ.ഒ |
| 3-7 | (1) 70165<br>(2) 59443 | ഡോ. അർച്ചന. എൽ. ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 100000 | ശ്രീമതി. ബീമാ ബീവി, എച്ച്.എം, എസ്.സി.എം.വി യുപി സ്കൂൾ |
| 3-10 | 496150 | ശ്രീമതി. ബീമാ ബീവി, എച്ച്.എം, എസ്.സി.എം.വി യുപി സ്കൂൾ |
| ആകെ | 4202159 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.വി.പ്രസാദ്,<br>സെക്രട്ടറി | സെക്രട്ടറി,<br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | വെളിയിൽ ഹൗസ്,<br>കലവൂർ. പി. ഒ, ആലപ്പുഴ |
| ശ്രീമതി. മിനി നിസ്സാർ,<br>അസി. എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | നവാസ് മൻസിൽ,<br>ചെറുകായൽക്കര, മുരുക്കമ്പുഴ,<br>വെള്ളൂർ, തിരുവനന്തപുരം |
| ശ്രീ. സജിത്ത് രാജ്, വി.ഇ.ഒ | | വെളിയിൽ,<br>പാതിരപ്പള്ളി. പി. ഒ,<br>ആലപ്പുഴ |
| ഡോ.അർച്ചന.എൽ.ആർ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വാളംപറമ്പിൽ,<br>തത്തംപള്ളി. പി. ഒ,<br>ആലപ്പുഴ |
| ശ്രീമതി.ബീമാ ബീവി,<br>എച്ച്.എം,<br>എസ്.സി.എം.വി യുപി സ്കൂൾ | എച്ച്.എം,<br>എസ്.സി.എം.വി യുപി സ്കൂൾ | അനുരാഗ്,<br>മണ്ണഞ്ചേരി. പി. ഒ, ആലപ്പുഴ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽഎഫ് ജി എ 5- 1832 /11/21.01.12ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |

| | |
|---|---|
| 2002-03 (ചെലവ്)<br>2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ എഫ് എ പി 9/257/10.08.10 |
| 2007-08 | എൽഎഫ് എ പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ എഫ് എ പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ എഫ് എ പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽഎഫ് എ പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽഎഫ് എ പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി8-1515/16 / 31.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/962/2017/25.7.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(38)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 19.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

## അനുബന്ധം - 3

## ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയുടെ വിവരം (ഖണ്ഡിക 2-8 കാണുക)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐ.ഡി | ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1. | കാരക്കൽ പാലച്ചിറ കോളനി നിർമ്മാണവും, ടാറിംഗും | | 2 | 2950 | 5900 |
| 2. | പുത്തൻപുരയ്ക്കൽ സെ. മേരീസ് ഫുട്പാത്ത് കോൺക്രീറ്റിംഗ് – വാർഡ് 15 | 2017_LSGD_134230_1 | 1 | 1180 | 1180 |
| 3. | കുന്നത്ത് പറപ്പള്ളി റോഡ് ടാറിംഗ് വാർഡ് - 4 | 2017_LSGD_133971_2 | 1 | 1530 | 1530 |
| 4. | അറക്കൽ പള്ളിപ്പറമ്പ് റോഡ് നിർമ്മാണവും, ടാറിംഗും, വാർഡ് – 2 | 2017_LSGD_134029_2 | 1 | 1420 | 1420 |
| 5. | കാട്ടൂർ ചർച്ച് സെമിട്ടി റോഡ് ടാറിംഗ് – വാർഡ് – 19 | 2017_LSGD_134089_2 | 1 | 940 | 940 |
| 6. | മങ്കടക്കാട് ഗിരിജൻ കോളനി റോഡ് ടാറിംഗ്, വാർഡ് – 20 | 2017_LSGD_134095_2 | 1 | 1180 | 1180 |
| 7. | പൊഴവേലിൽ ചെറിയകലവൂർ റോഡ് ടാറിംഗ്, വാർഡ് – 5 | 2017_LSGD_134113_2 | 1 | 1180 | 1180 |
| 8. | സർവ്വോദയപുരം റെഡ് ക്രോസ് കാറ്റാടി റോഡ് ടാറിംഗ്, വാർഡ് - 7 | 2017_LSGD_134145_2 | 1 | 2120 | 2120 |
| 9. | ബർണാഡ് ജം. വാസു ആശാൻ എൻ. എച്ച്. റോഡ് ടാറിംഗ്, വാർഡ് – 6 | 2017_LSGD_134188_2 | 1 | 2360 | 2360 |
| 10. | മാക്കി കോളനി റോഡ് ടാറിംഗ്, വാർഡ് – 1 | 2017_LSGD_134192_2 | 1 | 1300 | 1300 |
| 11. | കോർത്തുശ്ശേരി അംഗനവാടി റോഡ് ടാറിംഗ്, വാർഡ് – 4 | 2017_LSGD_134196_2 | 1 | 1180 | 1180 |
| 12. | കരോട്ട് വെളി ട്രാൻസ്ഫർ റോഡ് - ടാറിംഗ്, വാർഡ് – 04 | 2017_LSGD_134202_2 | 1 | 1180 | 1180 |
| 13. | വി & വി പഞ്ചായത്ത് ഗ്രൗണ്ട് റോഡ് | 2017_LSGD_134204_2 | 1 | 940 | 940 |
| 14. | മച്ചാംവെളി ഉഴത്തുവേലി റോഡ് ടാറിംഗ് - വാർഡ് - 3 | 2017_LSGD_134209_2 | 1 | 950 | 950 |

| | | | | | |
|---|---|---|---|---|---|
| 15. | കടവത്തു ഇടമുറിയിൽ റോഡ് ടാറിംഗ് | 2017_LSGD_134217_2 | 1 | 710 | 710 |
| 16. | പള്ളിപ്പറമ്പിൽ നികർത്തിൽ റോഡ് ടാറിംഗ് | 2017_LSGD_134222_2 | 1 | 1300 | 1300 |
| 17. | പറത്തറ ചൈന ജം. റോഡ് ടാറിംഗ് - വാർഡ് – 12 | 2017_LSGD_134225_2 | 1 | 1300 | 1300 |
| 18. | ലക്ഷം വീട് ഔവർ ജം. ഷഡാനന്ദൻ റോഡ് ടാറിംഗ് - വാർഡ് – 14 | 2017_LSGD_134227_2 | 1 | 830 | 830 |
| 19. | കോയിപ്പറമ്പിൽ വലിയ തയ്യിൽ റോഡ് നിർമ്മാണം | 2017_LSGD_134228_2 | 1 | 710 | 710 |
| 20. | പുത്തൻപുരയ്ക്കൽ സെ. മേരീസ് ഫുട്പാത്ത് കോൺക്രീറ്റിംഗ് - വാർഡ് – 15 | 2017_LSGD_134230_2 | 3 | 1180 | 3540 |
| 21. | പെട്രോൾ പമ്പ് ആഞ്ഞിലിപ്പറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ് | 2017_LSGD_134231_2 | 2 | 710 | 1420 |
| 22. | പഞ്ചായത്ത് ഗ്രൗണ്ട് മാസ്റ്റേഴ്സ് | 2017_LSGD_134234_2 | 1 | 1300 | 1300 |
| 23. | എൻ.എച്ച് വാസു ആശാൻ റോഡ് ടാറിംഗ് | 2017_LSGD_134235_2 | 1 | 590 | 590 |
| 24. | 90-ാം നമ്പർ അംഗനവാടിക്ക് ചുറ്റുമതിൽ നിർമ്മാണം | 2017_LSGD_134237_2 | 1 | 710 | 710 |
| 25. | 96-ാം നമ്പർ അംഗനവാടി നിർമ്മാണം | 2017_LSGD_150543_3 | 1 | 2000 | 4000 |
| 26. | 80-ാം നമ്പർ അംഗനവാടി പുനർനിർമ്മാണം | 2017_LSGD_150547_1 | 1 | 2000 | 4000 |
| 27. | പൊള്ളത്തൈ സബ്സെന്റർ പുതിയ കെട്ടിട നിർമ്മാണം | 2017_LSGD_167624_1 | 1 | 2800 | 5600 |
| 28. | സർവ്വോദയപുരം ക്ലസ്റ്റർ സെന്റർ പുനരുദ്ധാരണം | 2017_LSGD_167624_3 | 1 | 1570 | 1570 |
| 29. | സർവ്വോദയ പുരം ക്ലസ്റ്റർ സെന്റർ പുനരുദ്ധാരണം. | 2017_LSGD_167624_3 | 1 | 1570 | 1570 |
| | | ആകെ | | | 52510 |

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ